(സി; ഡി) സംസ്ഥാന ഗവൺമെൻറ് അതിനുവേണ്ടി ഒരു പദ്ധതി തയ്യാറാക്കി കേന്ദ്ര ഗവൺമെൻറിന് അയച്ചിട്ടുണ്ട്.

ഗ്രാമവികസന വകുപ്പ് ഡയറക്ടറേറ്റ്

777. [176] ശ്രീ. ബെന്നി ബഹനാൻ :
,, കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസന വകുപ്പിന് ഒരു പ്രത്യേക ഡയറക്ടറേറ്റ് രൂപീകരിക്കുന്ന കാര്യം എത്രത്തോളമായി ;

(ബി) ഈ കാര്യം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആരെ ;

(സി) ഇതു സംബന്ധിച്ച റിപ്പോർട്ട് ഗവൺമെൻറിന് സമർപ്പിച്ചോ; എങ്കിൽ എന്ന് ;

(ഡി) റിപ്പോർട്ടിലെ ശുപാർശകൾ എന്താണെന്ന് വ്യക്തമാക്കാമോ ;

(ഇ) ഈ ശുപാർശകൾ നടപ്പിലാക്കാതിരിക്കാനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സർക്കാരിൻറെ പരിഗണനയിലിരിക്കുകയാണ്.

(ബി) ഭരണ പരിഷ്കരണ കമ്മീഷണറായിരുന്ന ശ്രീ. എസ്. അനന്തകൃഷ്ണനെ ചുമതലപ്പെടുത്തിയിരുന്നു.

(സി) സമർപ്പിച്ചു. 13-11-1984.

(ഡി) പ്രത്യേക റൂറൽ ഡവലപ്പ്മെൻറ് കമ്മീഷണറേറ്റ് രൂപീകരിക്കുവാനാണ് പ്രധാന ശുപാർശ.

(ഇ) ശുപാർശകൾ പരിഗണനയിലാണ്.

ദാരിദ്ര്യരേഖയ്ക്കു താഴെ ജീവിക്കുന്നവരുടെ സ്ഥിതി വിവരക്കണക്ക്

778. [177] ശ്രീ. കെ. പി. എ. മജീദ് :
,, പി. കെ. കുഞ്ഞാലിക്കുട്ടി :
,, പി. വി. മുഹമ്മദ് :
,, കെ. പി. രാമൻ :
,, ഇ. ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെ ജീവിക്കുന്നവരുടെ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കാൻ സംസ്ഥാന ഗവൺമെൻറ് എന്തെങ്കിലും സർവേ നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ സർവേ എന്നാണ് ആരംഭിച്ചത്; പൂർത്തിയായതെന്ന് ;

(സി) സർവേ പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെ കഴിയുന്നവർ സംസ്ഥാന ജനസംഖ്യയുടെ എത്ര ശതമാനമാണ് ?

LIBRARY ARCHIVES Kerala Legislative Assembly